**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 423** **08-08-2023 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം നഗരസഭയിലെ ഓൺലൈൻ പണമിടപാടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം നഗരസഭയിൽ പ്രോപ്പർട്ടി ടാക്സ്, പ്രൊഫഷനൽ ടാക്സ് എന്നിവ ഓൺലൈൻ മുഖാന്തരം ഒടുക്കുമ്പോൾ ഇൻഫർമേഷൻ കേരള മിഷന്റെ അക്കൗണ്ടിലേക്ക് പണം പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിക്കുമോ; വിശദമാക്കാമോ; | (എ) | ഉണ്ട്. തിരുവനന്തപുരം നഗരസഭയിൽ പ്രോപ്പർട്ടി ടാക്സ്, പ്രൊഫഷനൽ ടാക്സ് എന്നിവ ഓൺലൈൻ മുഖാന്തരം ഒടുക്കുമ്പോൾ ഇൻഫർമേഷൻ കേരള മിഷന്റെ അക്കൗണ്ടിൽ തുക വന്ന ശേഷം രണ്ടു ദിവസത്തിനുശേഷം കോർപ്പറേഷൻ അക്കൗണ്ടിൽ തുക വരുന്നുണ്ട്. |
| (ബി) | 2022-23 സാമ്പത്തിക വർഷം മാർച്ച് 31 വരെ എത്ര രൂപയാണ് തിരുവനന്തപുരം നഗരസഭയിൽ പ്രോപ്പർട്ടി ടാക്സ്, പ്രൊഫഷനൽ ടാക്സ് എന്നീ ഇനങ്ങളിൽ ഓൺലൈൻ മുഖാന്തരം ലഭിച്ചത്; ഇത് ഏത് അക്കൗണ്ടിലാണ് വന്നുചേർന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | 2022-23 സാമ്പത്തിക വർഷം, ഓൺലൈൻ മുഖാന്തിരം ലഭിച്ച പ്രൊഫഷൻ ടാക്സ് തുക-31,78,15,880/- രൂപയും പ്രോപ്പർട്ടി ടാക്സ് തുക-26,14,70,663/- രൂപയും ആണ്. ടി തുകകൾ നഗരസഭയുടെ 67136978148 നമ്പർ അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ആകുന്നത്. |
| (സി) | പ്രസ്തുത നഗരസഭയിൽ പ്രോപ്പർട്ടി ടാക്സ്, പ്രൊഫഷനൽ ടാക്സ് എന്നിവ ഓൺലൈൻ മുഖാന്തരം ഒടുക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ ഏത് ഏജൻസിയാണ് ഡെവലപ്പ് ചെയ്തത്; ഇവരുടെ അക്കൗണ്ടിലൂടെയാണോ നഗരസഭയ്ക്ക് കളക്ഷൻ ലഭിക്കുന്നത്; ഇത്തരത്തിൽ പൊതുജനങ്ങളോ, ജീവനക്കാരോ പരാതി നൽകിയിട്ടുണ്ടോ; കൂടാതെ ഓൺലൈൻ വഴി ടാക്സ് ഒടുക്കിയശേഷം വീണ്ടും പൊതുജനങ്ങളെക്കൊണ്ട് അതേ വർഷത്തെ ടാക്സ് അടപ്പിച്ചിട്ടുണ്ടോ; ഇത്തരം പരാതികൾ ഏതു രീതിയിൽ പരിഹരിച്ചു എന്ന് വ്യക്തമാക്കാമോ; | (സി) | പ്രോപ്പർട്ടി ടാക്സ് അടയ്ക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ ഡെവലപ്പ് ചെയ്തത് ഇൻഫർമേഷൻ കേരള മിഷൻ (IKM) ആണ്. പ്രൊഫഷൻ ടാക്സ് അടക്കുന്നതിനുള്ള സോഫ്റ്റ് വെയർ ഡെവലപ്പ് ചെയ്തത് IIITMK ആണ്. IKM അക്കൗണ്ടിലേക്ക് തുക ലഭ്യമായതിനു ശേഷമാണ് നഗരസഭയുടെ അക്കൗണ്ടിലേക്ക് ലഭിക്കുന്നത്. ഓൺലൈൻ വഴി ടാക്സ് ഒടുക്കിയ ശേഷം പൊതുജനങ്ങളെ കൊണ്ട് അതേവർഷം നഗരസഭ ടാക്സ് അടപ്പിക്കാറില്ല. എന്നാൽ പ്രൊഫഷൻ ടാക്സ് പോലുള്ള നികുതികൾ ഓൺലൈൻ ആയി അടക്കുമ്പോൾ പലപ്പോഴും ആര് അടച്ചു എന്നത് വ്യക്തമാകാറില്ല. ആയതിനാൽ അടച്ചതിന്റെ വിവരങ്ങൾ നഗരസഭയിൽ നേരിട്ട് സമർപ്പിക്കുന്നതിനോ, ഇ-മെയിൽ ആയി സമർപ്പിക്കുന്നതിനോ ആവശ്യപ്പെടാറുണ്ട്. ഇങ്ങനെ ചെയ്യാത്ത പക്ഷം നികുതി ആര് അടച്ചു എന്ന് അറിയുന്നതിന് നിർവ്വാഹമില്ലാത്ത സാഹചര്യം ഉണ്ടാകാറുണ്ട്. ടാക്സ് അടച്ചതിന്റെ രേഖകളുമായി വരുന്ന പക്ഷം ആയത് രേഖപ്പെടുത്തുന്നതാണ്. ഏതെങ്കിലും സാഹചര്യത്തിൽ രണ്ടാമത് ടാക്സ് |

| | | | |
|---|---|---|---|
| | | | അടക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് പരിശോധിച്ച് അധികമായി അടച്ച തുക തിരികെ നൽകാറുണ്ട്. |
| (ഡി) | നഗരസഭയുടെ അക്കൗണ്ടിലേക്ക് നേരിട്ട് ടാക്സ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ നഗരസഭയ്ക്ക് വീഴ്ച വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിക്കുമോ; ഈ വിഷയത്തിൽ സമഗ്രമായ ഒരു അന്വേഷണം നടത്തുന്നതിന് തയ്യാറാകുമോ; വിശദമാക്കാമോ? | (ഡി) | നഗരസഭയുടെ അക്കൗണ്ടിലേക്ക് നേരിട്ട് ടാക്സ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്. വീഴ്ച വന്നതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ